LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 2014-15 വർഷത്തെ ബഡ്ജറ്റ് ഖണ്ഡിക 343 പ്രകാരം ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റവരവിന്മേൽ 2 ശതമാനം ടേണോവർ ടാക്സ് ചുമത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഒരു കോടി രൂപയ്ക്ക് മേൽ ഉണിത്തരങ്ങളിൽ വിറ്റവരവുള്ള വ്യാപാരികൾക്ക് 2 ശതമാനം വിറ്റവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് 6 എ എന്ന വകുപ്പ് കേരള ധനകാര്യ ബിൽ 2014-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽനിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കൈത്തറി ഉണിത്തരങ്ങൾക്ക് ടേൺ ഓവർ ടാക്സ് പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് സംവിധാനം

134 (7970) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കു ന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നിരീക്ഷണവും നിയന്ത്രണവും വഴി സംസ്ഥാനത്തിന് നികുതി വരുമാന വർദ്ധനവ് എത്ര മാത്രം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഓൺലൈൻ വഴി ബുക്ക് ചെയ്യുന്ന സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് റോഡ്/റെയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി കേരളത്തിലേക്ക് കൊണ്ടു വരുമ്പോൾ അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ വാണിജ്യ നികുതി വകുപ്പിനുണ്ട്. റോഡ് മാർഗ്ഗം കൊണ്ടുവരുന്ന സാധനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിയമപ്രകാരമുള്ള രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് കടത്തിവിടുന്നത്. റെയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി സംസ്ഥാനത്തിനകത്തേയ്ക്ക് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈൻ ഫയലിംഗിലൂടെ മുൻകൂറായി ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്തേയ്ക്ക് കൊണ്ടുവന്നാൽ നിയമപ്രകാരം പിഴ ഈടാക്കാറുണ്ട്. പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ ചെക്കിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം, ഇങ്ങനെയുള്ള ചരക്ക് നീക്കങ്ങൾ നിരീക്ഷിക്കുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി&ഡി) ഓൺലൈൻ വ്യാപാരം സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവുംവഴി സംസ്ഥാനത്തിന് ഉണ്ടാകുന്ന നികുതി വരുമാന വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ല. ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യസംസ്ഥാനങ്ങളിൽനിന്ന് ക്യാഷ്-ഓൺ-ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വിൽക്കുന്ന സമ്പ്രദായം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരും എന്നുകാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വിൽപ്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ട്രാൻസ്പോർട്ടർമാർക്ക് മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമസാധുത ചോദ്യം ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വ്യാപാര മേഖലയിൽഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം

135 (7971) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരമേഖലയിൽ ഓൺലൈൻ ഡലിവറി നോട്ട് സംവിധാനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;